8181
14/8/14

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മുസ്ലീം സമുദായത്തിലെ 'റാവുത്തർ' വിഭാഗം സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ (ഒ.ബി.സി) പട്ടികയിൽ ഉൾപ്പെടുന്നതിനാൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാം എന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (കൈ) നമ്പർ. 16/2014/പിസവിവ. തീയതി, തിരുവനന്തപുരം, 08/08/2014.

---

പരാമർശം:- 1. 13.11.2008-ലെ പാലക്കാട് ജില്ലാ കളക്ടറുടെ ഡി4-2008/54078/09 നമ്പർ കത്ത്.

2. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ 13.11.2013-ലെ 34/C/2009/KSCBC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുസ്ലീം സമുദായത്തിലെ റാവുത്തർ വിഭാഗത്തിന് ഒ.ബി.സി സർട്ടിഫിക്കറ്റ് നൽകാമോ എന്നതിൻമേൽ പാലക്കാട് ജില്ലാ കളക്ടർ പരാമർശം ഒന്ന് പ്രകാരം ഗവൺമെന്റിനോട് സ്പഷ്ടീകരണമാവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം ആരായുകയുണ്ടായി. അതിൻ പ്രകാരം, സംസ്ഥാനത്തെ മുസ്ലീം സമുദായത്തിലെ 'റാവുത്തർ' വിഭാഗം 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് ഒന്നിലെ ലിസ്റ്റ് III-ലെ ഇനം 48-ലെ മുസ്ലീം എന്നതിൽ ഉൾപ്പെടുന്നുവെന്നും കേന്ദ്ര ഒ.ബി.സി ലിസ്റ്റിലെ ഇനം. നം. 39 A യിൽ 'മറ്റ് മുസ്ലീം' വിഭാഗത്തിൽ ഉൾപ്പെടുത്തി റാവുത്തർ വിഭാഗത്തിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നും റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകുവാൻ കമ്മീഷൻ സർക്കാരിന് ഉപദേശം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സ്വീകരിച്ച് , മുസ്ലീം സമുദായത്തിലെ റാവുത്തർ വിഭാഗം 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് ഒന്നിലെ ലിസ്റ്റ് III-ലെ ഇനം 48-ലെ 'മുസ്ലീം' എന്നതിൽ ഉൾപ്പെടുന്നുവെന്നും കേന്ദ്ര ഒ.ബി.സി ലിസ്റ്റിലെ ഇനം. നം. 39 A യിൽ 'മറ്റ് മുസ്ലീം' വിഭാഗത്തിൽ ഉൾപ്പെടുത്തി റാവുത്തർ വിഭാഗത്തിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം ,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം) .
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം) .
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും/പൊതുമേഖലാ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റികൾക്കും.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം,
പൊതുഭരണ (എസ്.സി) വകുപ്പ് (06.08.2014-ലെ ലെ മന്ത്രിസഭാ തീരുമാനം ഇനം. നമ്പർ. 5571 പ്രകാരം).
ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര - പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).
ധനകാര്യ വകുപ്പ് / റവന്യൂ വകുപ്പ്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
കരുതൽഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് : - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പട്ടികജാതി പിന്നോക്ക ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ യ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ